REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 24-06-2025 | സമയം 06.45 AM

## പ്രധാന വാർത്തകൾ

- **മഹാത്മാ ഗാന്ധിയുടെയും ശ്രീനാരായണഗുരുവിന്റെയും കൂടിക്കാഴ്ചയുടെ നൂറാം വാർഷികാഘോഷം ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും.**
- **ഗൾഫ് രാജ്യങ്ങൾ വ്യോമപാത അടച്ചതോടെ കേരളത്തിൽ നിന്ന് നിരവധി വിമാന സർവീസുകൾ റദ്ദാക്കി.**
- **അഹമ്മദാബാദ് വിമാന ദുരന്തത്തിൽ മരിച്ച പത്തനംതിട്ട സ്വദേശി രഞ്ജിതയുടെ മൃതദേഹം ഇന്ന് നാട്ടിലെത്തിച്ച് സംസ്കരിക്കും.**
- **കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ സവിശേഷ ചടങ്ങായ ആലിംഗന പുഷ്പാഞ്ജലി ഇന്ന് നടത്തും.**
- **ഇന്ത്യ - ഇംഗ്ലണ്ട് ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മാച്ചിൽ ഇംഗ്ലണ്ടിന് 371 റൺസ് വിജയലക്ഷ്യം കുറിച്ച് ഇന്ത്യ.**

## വാർത്തകൾ വിശദമായി

മഹാത്മാ ഗാന്ധിയുടെയും ശ്രീനാരായണഗുരുവിന്റെയും കൂടിക്കാഴ്ചയുടെ നൂറാം വാർഷികാഘോഷം ന്യൂഡൽഹിയിൽ ഇന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഉദ്ഘാടനം ചെയ്യും. മഹാത്മാ ഗാന്ധിയുടെ സന്ദർശനത്തിനിടെ ശിവഗിരി മഠത്തിൽ 1925 മാർച്ച് 12നാണ് ഇരുവരും കൂടിക്കാഴ്ചയും സംഭാഷണവും നടത്തിയത്. വൈക്കം സത്യഗ്രഹം, മതപരിവർത്തനം, അഹിംസ, അയിത്തോച്ചാടനം, മോക്ഷപ്രാപ്തി, അധഃസ്ഥിതരുടെ ഉത്ഥാനം തുടങ്ങിയ വിഷയങ്ങളെ കേന്ദ്രീകരിച്ചായിരുന്നു ഇരുവരുടേയും ചർച്ച.

ഇന്ത്യയുടെ സാമൂഹ്യനീതിയുടേയും ഐക്യത്തിന്റേയും ആത്മീയ ഉൽകർഷത്തിന്റേയും പുതിയ ചിന്താധാരയ്ക്ക് രൂപം നൽകാൻ മഹാത്മാഗാന്ധിയുടേയും ശ്രീനാരായണഗുരുവിന്റേയും സംഭാഷണത്തിലൂടെ സാധ്യമായി. രണ്ട് ചരിത്രപുരുഷന്മാർക്കിടയിലെ പ്രചോദനാത്മകമായ സംവാദത്തെ അനുസ്മരിക്കാനും, സാമൂഹിക നീതി, ഐക്യം തുടങ്ങിയ ആദർശങ്ങളെ ഉയർത്തിക്കാട്ടാനും ലക്ഷ്യമിട്ടാണ് ആഘോഷങ്ങൾ.

✪✪✪

ഇറാൻ - ഇസ്രയേൽ സംഘർഷത്തിന് പിന്നാലെ ഗൾഫ് രാജ്യങ്ങൾ വ്യോമപാതകൾ അടച്ചതോടെ കേരളത്തിൽ നിന്നുൾപ്പെടെ നിരവധി വിമാന സർവീസുകൾ തടസ്സപ്പെട്ടു. കോഴിക്കോട്, കൊച്ചി, കണ്ണൂർ വിമാനത്താവളങ്ങളിൽ നിന്ന് ഗൾഫ് നാടുകളിലേക്കും തിരികേയും ഒട്ടേറെ സർവീസുകൾ റദ്ദാക്കി. ഇന്ന് പുലർച്ചെ കൊച്ചിയിൽ നിന്ന് ദോഹയിലേക്ക് പോകേണ്ടിയിരുന്ന എയർ ഇന്ത്യ വിമാനം റദ്ദാക്കി. കൊച്ചിയിൽ നിന്ന് അബുദാബിയിലേക്ക് പുറപ്പെട്ട ഇത്തിഹാദ് വിമാനം കൊച്ചിയിലേക്ക് തന്നെ മടങ്ങി. കൊച്ചിയിൽ നിന്ന് ദുബൈയിലേക്ക് പോകേണ്ടിയിരുന്ന സ്പൈസ്ജെറ്റ് വിമാനവും റദ്ദാക്കി.

എയർ ഇന്ത്യ എക്സ്പ്രസ് ഇന്നലെ രാത്രിയിലും ഇന്നു പുലർച്ചെയുമായി കോഴിക്കോട്ടു നിന്ന് റിയാദ്, ദമാം, അബുദാബി, മസ്കത്ത്, ഷാർജ എന്നിവിടങ്ങളിലേക്ക് പോകേണ്ടിയിരുന്ന സർവീസുകൾ റദ്ദാക്കി.

കണ്ണൂരിൽ നിന്ന് ഇന്നലെ രാത്രി 7.15-ന് ദോഹയിലേക്ക് പുറപ്പെട്ട എയർ ഇന്ത്യ എക്സ്പ്രസ് വിമാനം തിരിച്ചിറക്കി. കണ്ണൂരിൽനിന്ന് ഇന്നത്തെ പല അന്താരാഷ്ട്ര സർവീസുകളും മാറ്റിയിട്ടുണ്ട്. യാത്രയ്ക്ക് മുൻപ് വിമാന സർവീസുകളും സമയവും യാത്രക്കാർ ഉറപ്പുവരുത്തണമെന്ന് വിമാനക്കമ്പനി അധികൃതർ നിർദേശം നൽകി.

✪✪✪

ഇറാനും ഇസ്രായേലും തമ്മിൽ സമ്പൂർണ്ണ വെടിനിർത്തലിന് ധാരണയായതായി US പ്രസിഡന്റ് ഡോണാൾഡ് ട്രംപ് അറിയിച്ചു. ഖത്തറിലെ US വ്യോമതാവളത്തിന് നേരെ ഇറാൻ മിസൈൽ ആക്രമണം നടത്തിയതിന് തൊട്ടുപിന്നാലെയാണ് ട്രംപിന്റെ പ്രഖ്യാപനം. വരും മണിക്കൂറുകളിൽ വെടിനിർത്തൽ പ്രാബല്യത്തിൽ വരുമെന്ന് അദ്ദേഹം സാമൂഹ്യമാധ്യമ അക്കൗണ്ടായ ട്രൂത്ത് സോഷ്യലിൽ വ്യക്തമാക്കി. ഇറാൻ ആദ്യം വെടിനിർത്തുമെന്നും, 12 മണിക്കൂറിന് ശേഷം ഇസ്രായേലും വെടിനിർത്തൽ നടപ്പിലാക്കുമെന്നും ട്രംപ് അറിയിച്ചു. 24 മണിക്കൂറിനകം 12 ദിവസത്തെ യുദ്ധത്തിന് ഔദ്യോഗികമായി വിരാമം കുറിക്കുമെന്നും ട്രംപ് പറഞ്ഞു.

✪✪✪

ഓപ്പറേഷൻ സിന്ധു ദൗത്യത്തിൽ ഇസ്രായേലിൽ നിന്ന് ഒഴിപ്പിച്ച 161 പേരുമായി ആദ്യ വിമാനം അമ്മാനിൽ നിന്ന് ഇന്ന് ഡൽഹിയിലെത്തും. ഇസ്രായേലിൽ നിന്ന് ജോർദ്ദാൻ വഴിയാണ്  ഇവരെ ഒഴിപ്പിച്ചത്. ടെൽഅവീവിലെ ഇന്ത്യൻ എംബസി പൗരന്മാരെ നാട്ടിലെത്തിക്കാൻ ശ്രമങ്ങൾ തുടരുകയാണ്.

✪✪✪

കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്കും വിരമിച്ചവർക്കും ഏകീകൃത പെൻഷൻ പദ്ധതിയിലേക്ക് മാറാൻ മൂന്ന് മാസം കൂടി സമയം നീട്ടി നൽകി. അപേക്ഷ സമർപ്പിക്കാൻ സെപ്റ്റംബർ 30 വരെയാണ് സമയം നീട്ടിയത്. നിലവിൽ ജോലി ചെയ്യുന്ന കേന്ദ്ര ഗവൺമെന്റ് ജീവനക്കാർക്കും വിരമിച്ചവർക്കും വിരമിച്ച ശേഷം മരിച്ച ജീവനക്കാരുടെ  ആശ്രിതർക്കും ഈ സമയപരിധി ബാധകമായിരിക്കും.

✪✪✪

നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് SBI വഴി  PRS വായ്പാ വിതരണം അടുത്ത ദിവസങ്ങളിൽ ആരംഭിക്കുമെന്ന്  മന്ത്രി GR അനിൽ പാലക്കാട്ട് വാർത്താ സമ്മേളനത്തിൽ അറിയിച്ചു. പലിശ സംബന്ധിച്ച ധാരണ ആകാത്തതിനെ തുടർന്നാണ് കരാർ പുതുക്കൽ വൈകിയത്. കർഷകർക്ക് കാലതാമസമില്ലാതെ നെല്ലിന്റെ വില നൽകാനാണ് PRS വായപാ സംവിധാനം ഏർപ്പെടുത്തിയത്.

ഏപ്രിൽ 25 വരെ PRS നൽകിയ കർഷകർക്ക് തുക ഇപ്പോൾ ലഭിക്കും. ഇതിനായി മുൻകാല വായ്പാ തിരിച്ചടവ് സപ്ലൈകോ പൂർത്തീകരിച്ചതായി GR അനിൽ പറഞ്ഞു. മന്ത്രി K കൃഷ്ണൻ കുട്ടിയും  വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

✪✪✪

അഹമ്മദാബാദ് വിമാന ദുരന്തത്തിൽ മരിച്ച പത്തനംതിട്ട പുല്ലാട് സ്വദേശി രഞ്ജിതാ ഗോപകുമാർ നായരുടെ മൃതദേഹം ഇന്ന് നാട്ടിലെത്തിച്ച് സംസ്കരിക്കും. ഇന്നലെയാണ് രഞ്ജിതയുടെ മൃതദേഹം DNA പരിശോധനയ്ക്ക് ശേഷം തിരിച്ചറിഞ്ഞത്. രാവിലെ തിരുവനന്തപുരം വിമാനത്താവളത്തിൽ നിന്ന് മൃതദേഹം ഉച്ചയോടെ പുല്ലാട് ശ്രീവിവേകാനന്ദ ഹൈസ്കൂളിൽ പൊതുദർശനത്തിന് വെക്കും. തുടർന്ന് വൈകിട്ടായിരിക്കും വീട്ടുവളപ്പിലെ സംസ്കാരം.

രഞ്ജിതയുടെ ഭൗതികശരീരം പൊതുദർശനത്തിന് വയ്ക്കുന്ന പുല്ലാട് ശ്രീ വിവേകാനന്ദ ഹൈസ്കൂളിന് ജില്ലാ കളക്ടർ ഇന്ന് അവധി പ്രഖ്യാപിച്ചു.

✪✪✪

സംസ്ഥാനത്ത് ഇന്ന് വ്യാപകമായി മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു. വയനാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

നിലമ്പൂർ ഉപതിരഞ്ഞെടുപ്പ് ഫലത്തെ LDF ഭരണത്തിന്റെ വിലയിരുത്തലായി കാണുന്നത് അപഹാസ്യമാണെന്ന് SNDP യോഗം ജനറൽ സെക്രട്ടറി വെള്ളാപ്പള്ളി നടേശൻ പറഞ്ഞു. വിജയം കോൺഗ്രസിന് അവകാശപ്പെട്ടതല്ലെന്നും മുസ്ലീം ലീഗിന്റെ മികവാണെന്നും വെള്ളാപ്പള്ളി ആലപ്പുഴയിൽ അഭിപ്രായപ്പെട്ടു.

✪✪✪

കൊട്ടിയൂർ വൈശാഖ മഹോത്സവത്തിലെ സവിശേഷ ചടങ്ങായ ആലിംഗന പുഷ്പാഞ്ജലി ഇന്ന് നടത്തും. നാല് ആരാധനകളിൽ അവസാനത്തേതായ രോഹിണി ആരാധനയും ഇന്നാണ്.

കുറുമാത്തൂർ ഇല്ലത്തെ നായ്ക്കൻ സ്ഥാനികനാണ് ആലിംഗന പുഷ്പാഞ്ജലി നടത്തുന്നത്. ഈ മാസം 30 വരെ ആണ് സ്ത്രീകൾക്ക് അക്കരെ കൊട്ടിയൂരിൽ പ്രവേശനം അനുവദിക്കുന്നത്. ജൂലൈ നാലിന് തൃക്കലശാട്ടത്തോടെ വൈശാഖ മഹോത്സവം സമാപിക്കും.

✪✪✪

IT മേഖലയിൽ വനിതാ ജീവനക്കാരുടെ വിവാഹം നിരുത്സാഹപ്പെടുത്താനും പ്രസവാവധി നിഷേധിക്കാനും ശ്രമം നടക്കുന്നതായി വനിതാ ടെക്കികൾ കോഴിക്കോട്ട് വനിതാ കമ്മീഷൻ ഹിയറിംഗിൽ വെളിപ്പെടുത്തി. പ്രസവാവധി അപൂർവമാണെന്നും ഗർഭിണികളെ പിരിച്ചുവിടാനാണ് പല കമ്പനികളും ശ്രമിക്കുന്നതെന്നും അവർ പറഞ്ഞു. അല്ലാത്ത പക്ഷം സ്വയം പിരിഞ്ഞുപോകാനാണ് കമ്പനികൾ നിർദേശിക്കുന്നത്. പ്രസവാവധിക്ക് ശേഷം തിരികെയെത്തുന്നവർക്ക് പഴയ പരിഗണ ലഭിക്കുന്നില്ലെന്നും പ്രമോഷൻ നൽകുന്നില്ലെന്നും അവർ പരാതിപെട്ടു.

കോഴിക്കോട് സൈബർ പാർക്കിൽ ഹോസ്റ്റൽ സംവിധാനം ഏർപ്പെടുത്തണമെന്ന ആവശ്യം കോർപ്പറേഷനുമായി ആലോചിച്ച് നടപടിയെടുക്കാമെന്ന് കമ്മീഷൻ ചെയർപേഴ്സൺ P സതീദേവി ഉറപ്പ് നൽകി.

✪✪✪

ഇന്ത്യ - ഇംഗ്ലണ്ട് ആദ്യ ടെസ്റ്റ് ക്രിക്കറ്റ് മാച്ചിൽ ഇംഗ്ലണ്ടിന് 371 റൺസ് വിജയലക്ഷ്യം കുറിച്ച് ഇന്ത്യ. നാലാം ദിവസം കളിയവസാനിക്കുമ്പോൾ ഇംഗ്ലണ്ട് വിക്കറ്റൊന്നും നഷ്ടപ്പെടാതെ 21 റൺസെടുത്തിട്ടുണ്ട്. അവസാനദിവസമായ ഇന്ന് ഇംഗ്ലണ്ടിന് 350 റൺസ് കൂടി നേടിയാലെ വിജയിക്കാനാകൂ. ഇംഗ്ലണ്ടിന്റെ പത്തു വിക്കറ്റും നേടിയാലെ ഇന്ത്യക്കും വിജയം കൈപ്പിടിയിലൊതുങ്ങൂ. അതുകൊണ്ടുതന്നെ ഇന്ന് ഇരുടീമുകൾക്കും പോരാട്ടം നിർണായകമായിരിക്കും.

✪✪✪

ജാവലിൻ ലോക ചാമ്പ്യൻ നീരജ് ചോപ്ര ഇന്ന് ഓസ്ട്രാവ ഗോൾഡൻ സ്പൈക്ക് 2025 അത്‌ലറ്റിക്സ് മീറ്റിൽ പങ്കെടുക്കും. ചെക്കിയയിൽ ഇന്ത്യൻ സമയം രാത്രി 10:30 നാണ് മത്സരം.

✪✪✪

ഇന്ന് ആരംഭിക്കുന്ന US ഓപ്പൺ ബാഡ്മിന്റൺ ടൂർണമെന്റ് 2025 ൽ ഇന്ത്യയുടെ കിഡംബി ശ്രീകാന്ത് പങ്കെടുക്കും. അയോവയിൽ ഇംഗ്ലണ്ടിന്റെ ഹാരി ഹുവാങ്ങിനെതിരെയാണ് മത്സരം.

✪✪✪

AFC വനിതാ ഏഷ്യൻകപ്പ് ഫുട്ബോൾ യോഗ്യതാ മത്സരത്തിൽ ഇന്നലെ ഇന്ത്യ, മംഗോളിയയെ മറുപടിയില്ലാത്ത 13 ഗോളിന് തോൽപ്പിച്ചു. അടുത്ത ഞായറാഴ്ച തിമോർ ലെസ്റ്റയുമായാണ് ഗ്രൂപ്പ് B യിൽ ഇന്ത്യയുടെ മത്സരം.

✪✪✪

ഖൊ-ഖൊ ലോകകപ്പ് ജേതാക്കളായ ഇന്ത്യൻ ടീമിലെ അംഗമായ B നിഖിലിന് സംസ്ഥാന ഗവൺമെന്റ് കായിക വികസന നിധിയിൽ നിന്ന് രണ്ട് ലക്ഷം രൂപ പാരിതോഷികം അനുവദിച്ചു. ഈ വർഷം ജനുവരിയിലെ പ്രഥമ ഖൊ-ഖൊ ലോകകപ്പ് ഇന്ത്യൻ ടീമിലെ ഏക മലയാളിയാണ് നിഖിൽ. കഴിഞ്ഞ ദേശീയ ഗെയിംസ് കേരളാ ടീം അംഗവും ദേശീയ സബ് ജൂനിയർ ടീമംഗവുമായിരുന്നു നിഖിൽ.

✪✪✪

വർധിച്ചുവരുന്ന തെരുവുനായ ശല്യത്തിന് പരിഹാരം കാണാൻ കണ്ണൂർ ജില്ലയിൽ ഊർജിത കർമ്മ പദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതി രൂപം നൽകി.

വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO ശശിധരൻ

.....വോയ്സ്.......

എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ഷെൽട്ടർ ഹോമുകൾ സ്ഥാപിക്കാനും ബ്ലോക്ക് പഞ്ചായത്ത്, നഗരസഭ എന്നിവ കേന്ദ്രീകരിച്ച് മൊബൈൽ വന്ധ്യംകരണ കേന്ദ്രങ്ങൾ തുടങ്ങാനുമാണ് തീരുമാനം. ഒരു മാസത്തിനുള്ളിൽ ഇവയുടെ നിർമ്മാണം പുർത്തിയാക്കണം . എബിസി കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായി വരുന്ന ചെലവിന്റെ ഒരു ഭാഗം അതത് ബ്ലോക്ക് പഞ്ചായത്തിന് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ വഹിക്കണം.. സന്നദ്ധസംഘടനകളുടെ സഹായത്തോടെ സഞ്ചരിക്കുന്ന എബിസി കേന്ദ്രം സ്ഥാപിക്കുന്നതിനെക്കുറിച്ചും തദ്ദേശസ്ഥാപനങ്ങൾക്ക് ആലോചിക്കാം. തദ്ദേശസ്ഥാപനങ്ങൾ തെരുവുനായ്ക്കളെ പിടിക്കുന്നത് സന്നദ്ധരായവരെ കണ്ടെത്തി മൃഗസംരക്ഷണ വകുപ്പിനെ അറിയിച്ചാൽ ജില്ലാതലത്തിൽ പരിശീലനം നൽകും.

✪✪✪

സംസ്ഥാന ഗവൺമെന്റിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ കാസർഗോഡ്ജില്ലയിൽ ഇതുവരെ 17,838 വീടുകൾ പൂർത്തിയായി. ജില്ലയിൽ അർഹരായ 36,462 പേരിൽ പകുതിയോളം ഗുണഭോക്താക്കളുടെ വീടുകൾ പൂർത്തികരിച്ചതായി ഔദ്യോഗികമായി അറിയിച്ചു.

✪✪✪

ആലപ്പുഴ വള്ളികുന്നത്ത് കോഴികളിൽ ന്യൂ കാസിൽ രോഗം സ്ഥിരീകരിച്ചു. തിരുവല്ലയിലെ പക്ഷി രോഗ നിർണയ കേന്ദ്രത്തിലെ പരിശോധനയിലാണ് രോഗം കണ്ടെത്തിയത്. പതിനായിരത്തോളം കോഴികളാണ് രോഗം ബാധിച്ച് വള്ളിക്കുന്നത്ത് ചത്തൊടുങ്ങിയത്.

✪✪✪

കോഴിക്കോട് കോർപ്പറേഷൻ ഓഫീസ് റോഡിലെ ഓട നിറഞ്ഞൊഴുകിയിട്ടും അധികൃതർ നടപടിയെടുക്കുന്നില്ലെന്ന പരാതിയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കോർപ്പറേഷൻ സെക്രട്ടറിക്ക് സ്വമേധയാ നോട്ടീസയച്ചു. 15 ദിവസത്തിനകം വിശദീകരണം നൽകണമെന്ന് കമ്മീഷൻ ജുഡീഷ്യൽ അംഗം K. ബൈജുനാഥ് ആവശ്യപ്പെട്ടു.

✪✪✪

*News Editor & Reader: അനിൽ ചന്ദ്രൻ*
*CNRT: സബിത ആനന്ദ്, സയ്യിദ് അലി ശിഹാബ്,*
*DEO: സി കെ സുബോധ്*